പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 4783

29.06.2012 ൽ മറുപടിയ്ക്ക്

വിവിധ ക്ഷേമ പെൻഷനുകൾ

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ഉത്തരം

ഡോ. എം.കെ. മുനീർ

( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് എന്ന് അറിയിക്കുമോ; | (എ) | അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യ കാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയാണ് സാമൂഹ്യ ക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ക്ഷേമ പെൻഷൻ പദ്ധതികൾ . |
| (ബി) | പ്രസ്തുത പെൻഷനുകളുടെ പ്രതിമാസ തുക എത്രയാണെന്നും ഇവ ലഭിക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | ക്ഷേമ പെൻഷനുകൾ പ്രതിമാസം 400/- രൂപാ നിരക്കിൽ നൽകി വരുന്നു. വാർദ്ധക്യ കാല പെൻഷന് 65 വയസ്സു പൂർത്തിയായ ബി.പി.എൽ. കുടുംബാംഗത്തിന് അർഹതയുണ്ടായിരിക്കും. വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ ലഭിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ ഉയർന്ന കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 20,000 ഉം നഗര പ്രദേശങ്ങളിൽ 22,375 രൂപയുമാണ്.<br><br>1. ഏറ്റവും കുറഞ്ഞത് 40% അംഗ വൈകല്യമുള്ളവർക്കും ബുദ്ധിമാന്ദ്യം ഉള്ളവർക്കുമാണ് വികലാംഗ പെൻഷൻ ലഭിക്കുന്നത്.<br><br>2. വിവാഹ ബന്ധം വേർപ്പെടുത്തുന്നതിലൂടെയോ മരണം മൂലമോ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലൂടെ ഭർത്താവ് നഷ്ടപ്പെടുകയും പുനർ വിവാഹം ചെയ്തിട്ടില്ലാത്തവർക്കുമാണ് വിധവാ പെൻഷന് അർഹത. |

| | | | |
|---|---|---|---|
| | | | 3. 50 വയസ്സിനു മുകളിൽ പ്രായ മുള്ള അവിവാഹിതരായ സ്ത്രീ കൾക്ക് പെൻഷൻ നൽകി വരുന്നുണ്ട്. |
| (സി) | വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശിക ഇനത്തിൽ ഓരോ വിഭാ ഗത്തിനും എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് അറിയി ക്കുമോ? | (സി) | വിവിധ ക്ഷേമ പെൻഷനുകളുടെ കുടിശ്ശികകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1.വികലാംഗ പെൻഷൻ- 913.38 ലക്ഷം രൂപ<br>2.അഗതി(വിധവ) പെൻഷൻ- 4700.98 ലക്ഷം രൂപ<br>3. ദേശീയ വാർദ്ധക്യ കാല പെൻഷൻ - 1645.48 ലക്ഷം രൂപ<br>4. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ - 137.15 ലക്ഷം രൂപ<br><br>2012 ഏപ്രിൽ മാസം വരെ പെൻഷൻ വിതരണം ഇതിനോടകം നടത്തിയിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ